കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in


## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

email: lfadtvm@yahoo.in, dotvm.ksad@kerala.gov.in


# വിതുര ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി5/463/2020**

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി **05.05.2020**

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

**വിതുര ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : വിതുര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിതുര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം വിതുര ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

**1)** കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

**2)** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

**3)** കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി5/463/2020 തിയതി: 05.05.2020

**തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.02.2019 മുതൽ 10.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എം.ഷാജഹാൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ<br>21.03.2020 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | :<br>: | ശ്രീമതി.ശ്രീജ.കെ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.പ്രേംനാഥ്.ജി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സീന.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രേഖ.സി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.എൽ കൃഷ്ണകുമാരി, | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| | അരങ്ങിൽ, തള്ളച്ചിറ, മേമല | |
| സെക്രട്ടറി | ശ്രീ.അനസചേതനൻ.വി.എസ്<br>റ്റി.സി 5/1903(1)എഫ്.18<br>പി.എൻ.ആർ.എ.<br>അമ്പലമുക്ക്, കവടിയാർ | 01.04.2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സത്യൻ.വി.എസ്, | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | ഡോ.സിന്ധ്യ. | 01.04.2018 മുതൽ 19.11.2018 വരെ |
| | ഡോ.പ്രിയ.എ.കെ | 20.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അനചന്ദ്രൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദീപ.എം.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സാറാ വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.അനിതകുമാരി.എൽ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സജീർഖാൻ.എഫ് | 01.04.2018 മുതൽ 27.07.2018 വരെ |
| | ശ്രീ, മഹേഷ്.എസ്. | 28.07.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം. എൽ.പി.എസ്.ചായം | ശ്രീ.മോഹനകുമാർ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശ്രീദേവി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുജാത.ആർ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി.നിഷാ വൽസലൻ | 01.06.2018 മുതൽ 27.11.2018 വരെ |
| | ശ്രീമതി.ലേഖ.എ | 28.11.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഫ്രാങ്ക്ളിൻ ഡി.ആർ | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ.ഹരികുമാർ. | 21.06.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തനത് വരുമാനം ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു | 1-12 |
| 13 | എസ്.എൽ.എ‌െ പ്രീമിയം ഒടുക്കിയതിൽ കുറവ്. | 1-13 |
| 14 | സ്ഥാപനം ഹാജരാക്കിയ ഡി & ഒ ലൈസൻസ് രജിസ്റ്ററും ട്രേയ്ഡേഴ്സ് ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 16 | ബിൽഡിംഗ് പെർമിറ്റ് -കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-16 |
| 17 | വസ്തു നികുതി നിർണയം- നികുതി കണക്കാക്കിയതിലെ അപാകങ്ങൾ | 1-17 |
| 18 | ഇ-ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല- നടപടികൾ ത്വരിതപ്പെടുത്തണം. | 1-18 |
| 19 | കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി- അപാകങ്ങൾ | 1-19 |
| 20 | വിതുര കെ.പി.എം.എസ് ജംഗ്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അധികച്ചെലവ്-18491/- രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - അപാകങ്ങൾ | 1-21 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ലക്ഷ്യ പ്രാപ്തി-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. | 1-22 |
| 23 | ചായം പ്ലാപ്പെട്ടി ശാസ്താംകാവ് ഓട നിർമ്മാണം- അധികച്ചെലവ്-34422/- രൂപ നിരാകരിക്കുന്നു | 1-23 |
| 24 | തെരുവ് നായ്ക്കൾക്ക് എ.ബി.സി പ്രോഗ്രാം - ചെലവ് രേഖകൾ ഹാജരാക്കിയില്ല -210000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(വനിത)- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി - 700000/-രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | സ്പീച്ച് ബിഹേവിയർ ഒക്യുപേഷൻ തെറാപ്പി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-26 |
| 27 | സമാനമായ പദ്ധതികൾക്ക് വ്യത്യസ്ത ടെണ്ടറുകളും വ്യത്യസ്ത വിലയും | 1-27 |

| | | |
|---|---|---|
| | സ്വീകരിച്ചതിലൂടെ അധികച്ചെലവ്. | |
| 28 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി -അവലോകനം | 1-28 |
| | ഭാഗം 2 | |
| | *വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | |
| | -- | |
| | ഭാഗം 3 | |
| | *ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | |
| 29 | ചായം പ്ലാപ്പെട്ടി ശാസ്താംകാവ് ഓട നിർമ്മാണം- അധികച്ചെലവ്-34,422/- രൂപ നിരാകരിക്കുന്നു | 3-1 |
| | ഭാഗം 4 | |
| | *പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും* | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

06.03.2018-ാം തീയതിയിലെ 1(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബഡ്ജറ്റ് 18.02.2019-ലെ 1(2)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 08.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15525097 |
| വരവ് | 141094886 |
| ആകെ | 156619983 |
| ചെലവ് | 134318609 |
| നീക്കിയിരിപ്പ് | 22301374 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 38171400 | 38171400 | 38171400 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5195888 | 5195888 | 5195888 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 5564494 | 5564494 | 5564494 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12389275 | 12389275 | 12389275 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 10385828 | 10385828 | 10385828 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 3990184 | 3990184 | 3990184 | 0 |
| ബി ഫണ്ട് | 0 | 761840 | 761840 | 761840 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 2185 | 1476040 | 1478225 | 1471920 | 6305 |
| സാക്ഷരത (IOB) | 2979 | - | 2979 | - | 2979 |
| SBT | 28161 | 45229 | 73390 | 44248 | 29142 |
| SBT 2 LIFE | 1040 | 34658315 | 34659355 | 33752116 | 907239 |
| SBI (E payment) | 10750 | 33931 | 44681 | - | 44681 |
| SSCB Relief Fund | 330 | - | 330 | 230 | 100 |
| വിതുര SCB തനതു ഫണ്ട് 1 | 4014 | - | 4014 | - | 4014 |
| വിതുര SCB തനതു ഫണ്ട് | 3137564 | 172175 | 3309739 | 1505625 | 1804114 |
| ട്രഷറി TSB (own fund) | -126464 | 19697396 | 19570932 | 17773342 | 1797590 |
| Indian Bank-own Fund | 12244890 | 8602891 | 20847781 | 3255245 | 17592536 |
| cash | 219648 | 112674 | 332322 | 219648 | 112674 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 366165277 | 170 | 111742450 | 0 | 88 | 65 |

<u>**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2185 | 1476040 | 1478225 | 1471920 | 6305 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 65232000 | 65232000 | 65232000 | |
| ആകെ | 2185 | 66708040 | 66710225 | 66703920 | 6305 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 531840 | 310 |
| കർഷകതൊഴിലാളി പെൻഷൻ | 6328000 | 530 |
| വിധവാപെൻഷൻ | 19588800 | 1680 |
| വാർദ്ധക്യകാലപെൻഷൻ | 29263100 | 2710 |
| വികലാംഗപെൻഷൻ | 4004000 | 339 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 770600 | 65 |
| മിശ്രിത വിവാഹധനസഹായം | 50000 | 2 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.03.2020-ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ രാവിലെ 11.30 മണിക്ക് നടത്തുകയുണ്ടായി. പരിശോധനയിൽ 20734/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

- വിതുര ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ചില ഘടകങ്ങളിലെ അച്ചടക്കമില്ലായ്മ തടസ്സം സൃഷ്ടിച്ചിട്ടുണ്ട് എന്ന് പ്രഥമ ദൃഷ്ട്യാ കാണാം. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി കൃത്യത പുലർത്തേണ്ടതുണ്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടേയും പാലനത്തിൽ ജാഗ്രതക്കുറവുണ്ട്. തനതുവരുമാന സംഭരണം, പദ്ധതിപ്പണം ചെലവാക്കൽ എന്നിവയിൽ സാരമായ അപാകങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.
- പ്രധാനനിരീക്ഷണങ്ങൾ താഴെ പറയുന്നു.

<u>പൊതുവായ ആഭ്യന്തര നിയന്ത്രണം</u>

- ജീവനക്കാരുടെ ജോലി വിഭജനം ഓഫീസ് ഓർഡർ മുഖേന നിർണ്ണയിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.

- രജിസ്റ്ററുകളുടെ പരിപാലനത്തിൽ ഉദാസീനത വിലയിരുത്തിയിട്ടുണ്ട്.

- ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

<u>**അക്കൗണ്ടിങ്ങ് സംവിധാനം**</u>

- തനത് ഫണ്ട് അക്കൗണ്ടിങ്ങിലെ അപാകം റിപ്പോർട്ട് ചെയ്തിട്ടുണ്ട് **ഖ.1-12 കാണുക.**

<u>**ഡി.സി.ബി ഇനങ്ങൾ- നികുതി നികുതിയേതരവരുമാനങ്ങൾ**</u>

- നികുതി നികുതിയേതര വരുമാനങ്ങളിലൂടെ തനതുഫണ്ട് വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ -**ഖ.1-17 കാണുക**

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.**(ഖ.1-14)**

- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായിമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല **(ഖ.1-16)**

- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

<u>**സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ**</u>

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്, അധികച്ചെലവ്.**( 1-19, 20, 21, 27 കാണുക)**

<u>**ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ**</u>

- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

<u>**പദ്ധതി രൂപീകരണവും നടത്തിപ്പും**</u>

- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.

- കർമ്മപദ്ധതി തയ്യാറാക്കിയിയിട്ടില്ല.വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല..ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.

- സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യകത നിശ്ചയിച്ച് പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- സർക്കാർ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായും പാലിച്ച്. ജനകീയമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- മരാമത്ത് പ്രവൃത്തികൾ- സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചും അളവിലും നിരക്കിലും കൃത്യത പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട് (.ഖണ്ഡിക 3-1)

**പൊതുഭരണം**

- 29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് പൊതുജനങ്ങൽക്ക് ഉപയോഗ പ്രദമായരീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുമുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.12.2019 | 01.11.2019<br>31.12.2019 | 19.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.04.2017-19.04.2017 | 2016-17 | 20.05.2017 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

ഇല്ല

# 1-12 തനത് വരുമാനം ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു.

വിതുര ഗ്രാമപഞ്ചായത്തിൽ രസീത് പ്രകാരമുള്ള വരവുകൾ ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. ഉദാഹരണമായി ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ 16.08.2019, 19.08.2019, 20.08.2019, 20.08.2019, 27.08.2019, 28.08.2019, 31.08.2019, 2.09.2019, 3.09.2019, 06.09.2019, 16.09.2019, 17.09.2019, 23.09.2019, 25.09.2019, 28.09.2019, 30.09.2019 തീയതികളിൽ രസീത് പ്രകാരം പിരിച്ചെടുത്ത തുകകൾ ഇൻഡ്യൻ ബാങ്ക് (അക്കൗണ്ട് നം.985094192) അക്കൗണ്ടിലേക്കും മറ്റ് ദിവസങ്ങളിൽ വിതുര സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം.എസ്.ബി.8000) അക്കൗണ്ടിലേക്കുമാണ് നിക്ഷേപിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011 -ലെ സർക്കുലർ നം.58725/എഫ്.എം3/ 2008/തസ്വഭവ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം വിതുര ഗ്രാമപഞ്ചായത്തിൽ പാലിക്കുന്നില്ല. പ്രസ്തുത അക്കൗണ്ടുകളിൽ തനത് ഫണ്ടിനു പുറമേ മറ്റ് ഫണ്ടുകളും നിക്ഷേപിച്ചിട്ടുണ്ട്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പര് -12 നുള്ള മറുപടിയിൽ വിതുര ഗ്രാമപഞ്ചായത്തിൽ നിലവിൽ സഹകരണ ബാങ്കിലും ഇന്ത്യൻ ബാങ്കിലും തനത് ഫണ്ട് അക്കൌണ്ട് സൂക്ഷിക്കുന്നുണ്ടെന്നും വിവിധ വകുപ്പുകളിൽ നിന്നുള്ള ഫണ്ടുകൾ നെഫ്റ്റ് മുഖേനെ ട്രാൻസ്ഫർ ചെയ്യുന്നതിനാണ് ഇന്ത്യൻ ബാങ്ക് അക്കൌണ്ട് ഉപയോഗിക്കുന്നതെന്നും ഈ അക്കൌണ്ടിൽ സംയോജിത പദ്ധതികൾക്കും അങ്കണവാടി പോഷകാഹാര കേന്ദ്ര വിഹിതം തൊഴിൽ നികുതികൾ എന്നിവ കൈകാര്യം ചെയ്യുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ സഹകരണ ബാങ്കിൽ നെഫ്റ്റ് സൌകര്യങ്ങൾ നിലവിൽ ഇല്ലാതിരുന്നതിനാലാണ് ഇന്ത്യൻ ബാങ്കിലെ അക്കൌണ്ട് നിലനിർത്തിയിട്ടുള്ളതെന്നും സർക്കാറിന്റെ 26.05.2011-ലെ സർക്കുലർ നമ്പർ 58725/ എഫ്.എം/3/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 2020-21 സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്ത് തീരുമാനത്തിനു വിധേയമായി ഒരു അക്കൌണ്ട് മാത്രമേ നിലനിർത്തു എന്നും അറിയിച്ചിരിക്കുന്നു. തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒരു അക്കൌണ്ട് മാത്രം നിലനിർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 എസ്.എൽ.ഐ പ്രീമിയം ഒടുക്കിയതിൽ കുറവ്.

ജി.ഒ (പി)556/2008/ധന/16.12.2008, ചട്ടം 22 എ, കെ.എസ്.ആർ 1 എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥൻ ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്യൂറൻസ് പോളിസി എടുക്കേണ്ടതാണ്. ശമ്പള പരിധി മാറുന്നതിനനുസരിച്ച് രണ്ട് വർഷത്തിനുള്ളിൽ അഡീഷണൽ പോളിസി എടുക്കേണ്ടതാണ്.എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധനയിൽ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം തുക കുറവായാണ് ഒടുക്കിയിരിക്കുന്നത്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര്/ഉദ്യോഗപേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|
| ശ്രീ.രൂപേഷ് (അക്കൗണ്ടന്റ്) | 35700/- | 150/- | 500/- |
| ശ്രീ.രാജേഷ്.എം.ആർ (സീനിയർ ക്ലാർക്ക്) | 29900/- | 250/- | 300/- |
| ശ്രീ.സന്തോഷ്കുമാർ (സീനിയർ ക്ലാർക്ക്) | 29900/- | 200/- | 300/- |

ഓഡിറ്റ് എൻക്വയറി നം 21/20 നു മറുപടി പ്രകാരം ശ്രീ.രൂപേഷ് (അക്കൗണ്ടൻറ് )- ടിയാൻ 07/2019-ൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിട്ടുള്ളതാണെന്നും നിലവിൽ വിതുര ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ തുടരുന്ന ശ്രീ.രാജേഷ്.എം.ആർ, ശ്രീ.സന്തോഷ് കുമാർ എന്നീ ജീവനക്കാർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായുള്ള എസ്.എൽ.ഐ അഡീഷണൽ പോളിസി എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.

## 1-14 സ്ഥാപനം ഹാജരാക്കിയ ഫാക്ടറികൾക്കും വ്യാപാര

## സ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്ന രജിസ്റ്ററും(FACTEOS) ട്രേയ്ഡേഴ്സ് ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സ്ഥാപനം ഹാജരാക്കിയ ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്ന രജിസ്റ്റർ (FACTEOS) പ്രകാരം 327 സ്ഥാപനങ്ങളും ട്രേയ്ഡേഴ്സ് ലിസ്റ്റ് പ്രകാരം 204 സ്ഥാപനങ്ങളുമാണ്. അതായത് പഞ്ചായത്തിലെ മുഴവൻ സ്ഥാപനങ്ങളും ട്രേയ്ഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ട്രേയ്ഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തെ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ FACTEOS -ൽ ഉൾപ്പെട്ടാത്തതും ട്രേയ്ഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ സ്ഥാപനങ്ങളുണ്ട്. ഉദാഹരണം.

| വാർഡ് നം/ പേര് | FACTEOS രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തവ. | ട്രേയ്ഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ |
|---|---|---|
| 3,പൊന്നാംചുണ്ട് | 3 സ്ഥാപനങ്ങൾ | 19 സ്ഥാപനങ്ങൾ |
| 4, മണലി | 2 സ്ഥാപനങ്ങൾ | 4 സ്ഥാപനങ്ങൾ |
| 13, തള്ളച്ചിറ | 1 സ്ഥാപനം | 13 സ്ഥാപനങ്ങൾ |

ഓഡിറ്റ് എൻക്വയറി നം 15/20 നുള്ള മറുപടി പ്രകാരം ഫീൽഡ് പരിശോധനകൾ നടത്തിയും, ലൈസൻസ് അദാലത്തുകൾ നടത്തിയും ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും ജി എസ് റ്റി നടപ്പിലാക്കൽ, മഹാ പ്രളയവും വ്യാപാരമേഖലയിലെ തകർച്ചയും റബ്ബറിന്റെ വിലയിടിവും ഗ്രാമീണ മേഖലയിലെ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്ന പല വ്യാപാര സ്ഥാപനങ്ങളും പ്രവർത്തനം അവസാനിപ്പിച്ചതായും കൂടാതെ പുതിയ വ്യാപാര സ്ഥാപനങ്ങൾ ട്രേയ്ഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ച ശേഷം പ്രവർത്തനം ആരംഭിക്കുകയും ഈ ഓഫീസിൽ നിന്നും ലൈസൻസ് എടുക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാലാണ് രജിസ്റ്ററും ലിസ്റ്റും തമ്മിൽ വ്യത്യാസം വന്നിരിക്കുന്നത് എന്നറിയിച്ചിരിക്കുന്നു. ഏപ്രിൽ 30 നകം ട്രേയ്ഡേഴ്സ് ലിസ്റ്റ് പരിഷ്കരിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം പരിഷ്കരണം പൂർത്തിയാക്കുമെന്ന് അറിയിച്ചിരിക്കുന്നു.

സ്ഥാപനത്തിലെ രണ്ടു രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുണ്ട്. വ്യാപാര സ്ഥാപനങ്ങൾ സ്വമേധയ സമർപ്പിക്കുന്ന ലൈസൻസിനുള്ള അപേക്ഷകൾക്ക് മാത്രമാണ് ലൈസൻസ് അനുവദിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും കേരള പഞ്ചായത്ത് രാജ് ആക്ട് 232, 234 എന്നീ വകുപ്പുകൾ പ്രകാരം ലൈസൻസോടുകൂടി മാത്രമേ പ്രവർത്തിക്കുവാൻ പാടുള്ളൂ. തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമായതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയും ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയും ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം3 സെക്ഷൻ 204(1)പ്രകാരം ഒരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയമായിരിക്കുമെന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കുവാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | ലക്ഷ്മി എസ്റ്റേറ്റ്, വിതുര | 2 ാം അർദ്ധവർഷം |
| 2 | ധനലക്ഷ്മി ഫിനാൻസ് | 2 ാം അർദ്ധവർഷം |
| 3 | സിൽവർ സ്റ്റോൺ എം.കെ.പി പോളിമേഴ്സ്, ചേന്നാംപ്പാറ | 1 ാം അർദ്ധവർഷം |
| 4. | കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് റബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, വിതുര | 1 ാം അർദ്ധവർഷം |

ഓഡിറ്റ് എൻക്വയറി നം 17/20 നുള്ള മറുപടി പ്രകാരം മേൽ സ്ഥാപനങ്ങളിൽ നിന്നു തൊഴിൽ നികുതി ഒടുക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ആയത് ഒടുക്കുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു

# 1-16 ബിൽഡിംഗ് പെർമിറ്റ് -കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

**1.** തദ്ദേശസ്വയംഭരണവകുപ്പ് 2/12/15-ൽ പുറപ്പെടുവിച്ചസർക്കുലർ നം.12900/ആർ/ 2015/ ത.സ്വ.ഭ,വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായി കൈകാര്യം ചെയ്തിരിക്കുന്നു. നമ്പറിംഗിനായി അപേക്ഷിച്ചിട്ടുള്ള ഫയലിൽ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട അപേക്ഷയോ മറ്റു വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കണക്കാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അപേക്ഷയോടൊപ്പം നൽകുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നത് അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ആയത് ക്രമവത്കരിക്കുന്നതിനും സഹായകരമായിരിക്കും. ഇക്കാര്യത്തിൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്

**2.** ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷകളിൽ ഓൺലൈനായി സങ്കേതം സോഫ്റ്റ് വെയർ മുഖാന്തിരവും, നികുതി നിർണ്ണയം, കെട്ടിട നമ്പർ നൽകൽ എന്നിവ സംബന്ധിച്ച അപേക്ഷകളിൽ സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരവുമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. ഐ കെ എം വികസിപ്പിച്ചെടുത്ത പ്രസ്തുത സോഫ്റ്റ് വെയറുകൾ തമ്മിൽ ഇൻറഗ്രേഷൻ നടത്തിയിട്ടില്ല. ഇതിനാൽ ബിൽഡിംഗ് പെർമിറ്റ് വിവരങ്ങളിൽ നിന്ന് ടാക്സ് ഡിമാന്റ്, സാംഖ്യയിലെ ഡിമാന്റ് എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. പെർമിറ്റ് ഫീസ് അടച്ച രസീത് നമ്പർ മാന്വലായിട്ട് എൻട്രി വരുത്തുന്ന രീതിയിലാണ് നിലവിൽ ഐ.കെ.എം സോഫ്റ്റ് വെയർ സജ്ജീകരിച്ചിട്ടുള്ളത്. ഇത് പരിഷ്കരിക്കുന്നതിന് ഐ.കെ.എം മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.** പെർമിറ്റ് അനുവദിച്ചതിനുശേഷം Completion ആകുമ്പോഴോ എക്സ്റ്റൻഷൻ ഉണ്ടായാലോ അത് regularise ചെയ്യുന്നത് സങ്കേതം മുഖേനയല്ല. മറ്റൊരു ഫയലായിട്ടാണ് . ഏരിയയിൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിലും പെർമിറ്റ് ഫയലിൽ മാറ്റം

വരുന്നില്ല.

**4.** ക്രമവത്കരണം സംബന്ധിച്ച് കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കേണ്ടതുണ്ട്.

പെർമിറ്റ് എടുക്കാത്ത നിർമാണങ്ങളുടെയും അതിന്റെ വ്യതിയാനങ്ങളുടെയും ക്രമവത്കരണം സംബന്ധിച്ച് കെ.പി.ബി.ആർ 2011 ചട്ടം 134 മുതൽ 138 വരെയുള്ള ചട്ടങ്ങൾ പ്രകാരം താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

**എ.** അനുവാദമില്ലാതെയോ, അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ളതോ ആയ നിർമ്മാണങ്ങൾ, ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കുന്നില്ലെങ്കിൽ ക്രമവത്കരിക്കുന്നതിന് ചട്ടം 134 പ്രകാരം സെക്രട്ടറിക്ക് അധികാരമുണ്ട്.

എന്നാൽ ചട്ടം 135 പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷ അനുബന്ധം എ യിലെ ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്.

**ബി.** ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട പെർമിറ്റിനുവേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിൽ ആവശ്യമുള്ള സൂചനകളും വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്. ക്രമവത്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതുമാണ്.

**സി.** ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്കരണം അനുവദിക്കുകയാണെങ്കിൽ സെക്രട്ടറി രാജിയാക്കൽ ഫീസിനായി ഒടുക്കേണ്ട തുകയും കാലാവധിയും വ്യക്തമാക്കിക്കൊണ്ട് അപേക്ഷകനെ രേഖാമൂലം ആവസ്തുത അറിയിക്കേണ്ടതാണ്. അനുബന്ധം 1 ഫോമിലുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും അനുബന്ധം 1 ലേതു പോലുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

എന്നാൽ വിതുര പഞ്ചായത്തിലെ കെട്ടിട നിർമ്മാണം, നമ്പറിങ്ങ് എന്നിവയുടെ തെരഞ്ഞെടുത്ത അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകളിൽ പെർമിറ്റില്ലാതെ പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ നമ്പറിങ്ങിലും ക്രമവത്കരിക്കുന്നതിലും മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമനമ്പർ | അപേക്ഷകന്റെ പേര് | കെട്ടിടനമ്പർ | ആവശ്യം | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | മിനി ബീന.എസ് ശ്യാമളാലയം | 16/868 A | വാണിജ്യാവശ്യം | 126.5 $m^2$ | ചട്ടം 134,135, 137 പ്രകാരമുള്ള അപേക്ഷ, തീർപ്പാക്കൽ, ഉത്തരവ് എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. റഗുലറൈസേഷൻ ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഫീസ് വിവരങ്ങൾ ബന്ധപ്പെട്ട അപേക്ഷകളിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 2 | സുധീഷ് തിരുവാതിര | 2/465 A | പാർപ്പിടാവശ്യം | 147.21$m^2$ | |
| 3 | സന്ദീപ്, സന്ദീപ് നിവാസ് | 13/621 A | പാർപ്പിടാവശ്യം | 112.37 $m^2$ | |
| 4 | അരുൺരാജു, അരുൺഭവൻ | 8/314 | പാർപ്പിടാവശ്യം | 117.22 $m^2$ | |

കെട്ടിട ക്രമവൽക്കരണവുമായി ബന്ധപ്പെട്ട കെ.പി.ബി.ആർ 2011 ചട്ടങ്ങളും എല്ലാ സർക്കാർ ഉത്തരവുകളും കൃത്യമായി പാലിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 വസ്തു നികുതി നിർണയം- നികുതി കണക്കാക്കിയതിലെ അപാകങ്ങൾ.

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ, ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക 1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്, വികസനം കുറഞ്ഞത് എന്നീ മാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും ചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതുമാണ്. പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്. വിതുര പഞ്ചായത്തിൽ അപ്രകാരം മേഖല തിരിച്ച് മാപ്പിൽ രേഖപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ആയതിനാൽ മേഖലാ അടിസ്ഥാനത്തിൽ ഇളവുകൾ നൽകിയിട്ടുള്ളത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. തെരഞ്ഞെടുത്ത ഫയലുകൾ പരിശോധിച്ചതിൽ മേഖലാതരം തിരിവിലെ അപാകംമൂലം വസ്തു നികുതി മുഖേനയുള്ള വരവിൽ താഴെ പറയും വിധം കുറവ് വന്നിട്ടുള്ളതായി കാണുന്നു.

<u>മേഖലാതരം തിരിവിലെ അപാകംമൂലം വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്.</u>

<u>ഉദാഹരണങ്ങൾ</u>

| പേര് | വാർഡ് | ഡോർനമ്പർ | റോഡ് | മേഖല | നൽകിയ ഇളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| അരുൺനായർ.എൻ | 5-കല്ലാർ | 266 | വിതുര-പൊൻമുടി | പ്രഥമം | ഇല്ല | ഒരേ വാർഡിൽ ഒരേ റോഡിലുള്ളതും ഒരേ നമ്പറിന്റെ സബ് നമ്പറായിട്ടുള്ളതുമായ കെട്ടിടങ്ങളിൽ രണ്ടു എണ്ണം പ്രഥമമേഖലയിലും ഒന്ന് ദ്വിതീയ മേഖലയിലും ദ്വിതീയ മേഖലയിലുള്ളതിന് അനർഹമായി 10%ഇളവ് നൽകിയിട്ടുണ്ട്. |
| സുജാത കുമാരി | 5-കല്ലാർ | 266/A | വിതുര-പൊൻമുടി | പ്രഥമം | ഇല്ല | |
| അരുൺനായർ.എൻ | 5-കല്ലാർ | 266/B | വിതുര-പൊൻമുടി | ദ്വിതീയം | അടിസ്ഥാന വസ്തു നികുതി ആയ 1029.6 ന്റെ 10% ആയ 102.96 | |

ഇത്തരത്തിലുള്ള അപാകങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും നികുതി നിർണയവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും ഉത്തരവുകളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും വരുമാനച്ചോർച്ച സംഭവിക്കുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 ഇ-ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല- നടപടികൾ ത്വരിതപ്പെടുത്തണം.

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും - ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക സംബന്ധിച്ചും ഫാറവില ലഭ്യമാക്കുവാനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 7) ലഭ്യമാക്കിയ മറുപടി പ്രകാരം 78720/- രൂപ ഈയിനത്തിൽ ലഭിക്കാനുണ്ട്. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

## 1-19 കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി- അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0036/19 |
| പേര് | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും മെയിന്റനൻസ് |
| അടങ്കൽ | 100000 |
| ചെലവ് | 99500 |
| ഫണ്ട് | വികസന ഫണ്ട് |
| ബിൽ നമ്പർ | 50/5.2.19 |
| നിർവഹണം | സെക്രട്ടറി |

പഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണി കരാർവ്യവസ്ഥയിൽ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ടെണ്ടർ മുഖേന നടപ്പാക്കുന്നതിനായി 14.5.2018ൽ A2.1089/18 നമ്പറായി ദർഘാസ് പരസ്യം നൽകി ടെണ്ടർ ക്ഷണിച്ചു. രണ്ട് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്ത് സ്ഥാപനം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനനുസരിച്ച് താഴെ പറയും വിധം തുക ക്വോട്ട് ചെയ്യുകയും ചെയ്തു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | സി.എം.ഗ്രൂപ്പ് , വാളിക്കോട്, നെടുമങ്ങാട് | 73600 |
| 2 | ഈക്വൽസ് ടെക്ക്, പേയാട് | 71400 |

എന്നാൽ 4.7.18 തീയതി യിലെ പഞ്ചായത്ത് സമിതിയിലെ 2(2) തീരുമാനപ്രകാരം കുറഞ്ഞത് മൂന്ന് സ്ഥാപനങ്ങളില്ല എന്ന കാരണത്താൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും റീ ടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ലഭ്യമാക്കിയിരിക്കുന്ന ടെണ്ടർ രേഖകൾ പ്രകാരം ഈക്വൽസ് ടെക്ക്, പേയാട് എന്ന സ്ഥാപനം ആണ് ഏറ്റവും കുറവ് ക്വോട്ട് ചെയ്തിരിക്കുന്നത്. താരതമ്യത്തിനായി രണ്ട് ടെണ്ടറുകൾ ലഭിക്കുകയും രണ്ടും അടങ്കൽ തുകയിൽ നിന്നും ഗണ്യമായി

കുറവായിരിക്കുകയും ചെയ്തിട്ടും സ്വീകരിക്കാതിരുന്നത് സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.9ലെ വ്യവസ്ഥകൾക്ക് പ്രകാരം ചട്ടവിരുദ്ധമാണെന്ന് കാണുന്നു

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാരിന്റെ 20/08/2016-ലെ ജി ഒ ആർറ്റി 2487/2016 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും ആർജ്ജിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പ്രൊക്യൂവർമെൻറ് മാനുവൽ പ്രകാരമാണ് ആർജ്ജിക്കൽ പ്രവർത്തികൾ നിർവ്വഹിക്കുന്നത് എന്നും ആയതിലെ ഖണ്ഡിക 2.5 പ്രകാരംകുറഞ്ഞത് 3 ക്വട്ടേഷനുകൾ ലഭിച്ചാൽ മാത്രമെ നിയമാനുസൃത അംഗീകരിക്കൽ നടപടികൾ സ്വീകരിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട് എന്നും കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപണി നടപ്പാക്കുന്നതിനായി 14/05/2018 ൽ മതിയായ പരസ്യം നൽകി ടെണ്ടർ ക്ഷണിച്ചെങ്കിലും രണ്ട് ടെണ്ടറുകൾ മാത്രം ലഭ്യമായതിനാലാണ് സ്വീകരിക്കാതിരുന്നത് എന്നും അറിയിച്ചു. എന്നാൽ പ്രസ്തുത വ്യവസ്ഥ 60000/- രൂപക്ക് താഴെ മാത്രം വരുന്ന ക്വട്ടേഷൻ നടപടികൾക്ക് മാത്രമാണ് ബാധകം. ഇവിടെ ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചത് ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

**2.** തുടർന്ന് 25.10.18 റീ ടെണ്ടർ ചെയ്തപ്പോൾ താഴെ പറയും വിധം സ്ഥാപനം തുക ക്വോട്ട് ചെയ്യുകയും ചെയ്തു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് | റിമാർക്ക്സ് |
|---|---|---|---|
| 1 | സ്മാർട്ട് ഇന്റർ നാഷണൽ ടെക്നോളജി | 2% Below (98000) | |

എന്നാൽ 28.11.2018 ലെ ഭരണസമിതി 2(1) തീരുമാനപ്രകാരം റീടെണ്ടറിൽ മതിയായ ടെണ്ടർ ലഭിച്ചില്ല എന്ന കാരണത്താൽ ക്വട്ടേഷൻ മുഖേന നടപ്പാക്കുന്നതിന് തീരുമാനിച്ചു

തുടർന്ന് 4.12.18 ൽ A2/37/18 നമ്പർ ക്വട്ടേഷൻ ക്ഷണിക്കുകയും താഴെ പറയും വിധം തുക ക്വോട്ട് ചെയ്യുകയും ചെയ്തു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് | റിമാർക്ക്സ് |
|---|---|---|---|
| 1 | ശ്രീ ടെക്ക്, കരകുളം | 100000 | |
| 2 | ഓക്സിഫോസ്സ്, കുമാരപുരം | 99500 | |
| 3 | എസ്.ആർ.എസ് അസോസിയേറ്റ്സ്, വഴുതക്കാട് | 100000 | |

14.01.2019-ലെ ഭരണസമിതി തീരുമാനപ്രകാരം ഓക്സിഫോസ്സ്, കുമാരപുരം എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 14.1.19ലെ എ2/36/18 കത്ത് പ്രകാരം സപ്ളൈ ഓർഡർ കൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 28.1.2019 ൽ കരാർ വയ്ക്കുകയും ചെയ്തു.

ആദ്യ ടെണ്ടറിൽ സ്വീകരിക്കാവുന്ന ഓഫറുകൾ ഉണ്ടായിരുന്നെങ്കിലും അത് സ്വീകരിക്കാതെ തുടർ നടപടികൾ എടുത്തതിനെ ത്തുടർന്ന് **28100/-** രൂപ അധികം തുകക്കാണ് കരാർ ഉറപ്പിക്കേണ്ടി വന്നതെന്ന് വ്യക്തമാകുന്നു. ഇപ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.9ലെയും മറ്റ് ഉത്തരവുകളുടെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി അധികച്ചെലവ് വരുന്ന രീതിയിൽ പർച്ചേസ് നടത്തിയത് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**2.** സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9 പ്രകാരം വാർഷിക അറ്റകുറ്റപ്പണിക്കുള്ള കരാർ ചമക്കുമ്പോൾ അർദ്ധവാർഷിക, ത്രൈമാസ അടിസ്ഥാനത്തിലാണ് തുകയുടെ ഗഡുക്കൾ നിശ്ചയിക്കേണ്ടത്. കൂടാതെ കരാർ ചമച്ചതിൽ നിബന്ധന 7 പ്രകാരം കോൺട്രാക്റ്റർ ബില്ലുകൾ സമർപ്പിച്ചതിനുശേഷം സൂക്ഷ്മ പരിശോധന നടത്തിയതിനു ശേഷം മാത്രമാണ് തുകകൾ നൽകേണ്ടത്. എന്നാൽ അതിന് വിരുദ്ധമായി 5.2.19 ൽ തന്നെ മുൻകൂറായി മുഴുവൻ തുകയും നൽകിയത് ഓഡിറ്റ് എൻക്വയറി മറുപടിയിൽ വിശദീകരിച്ചിട്ടില്ല.

**3.** ഫയൽ രേഖകൾ പ്രകാരം 30.10.2019-ൽ സെക്രട്ടറി ഓക്സി ഫോസ്സ് സിസ്റ്റംസ് എന്ന സ്ഥാപനത്തിന് അയച്ച കത്ത് പ്രകാരം പരാതി അറിയിക്കുമ്പോൾ ടെക്നീഷ്യൻ വരാതിരിക്കുന്ന അവസ്ഥയുണ്ടെന്ന് വ്യക്തമാകുന്നു. ഇപ്രകാരം മുൻകൂറായി തുക നൽകിയിട്ടും പ്രവൃത്തി നടത്താൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ സ്ഥാപനം ചെയ്ത എല്ലാ മെയിന്റനൻസ് പ്രവൃത്തികളുടെയും വിശദാംശങ്ങളും ബില്ലുകളും ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്റ്റോർ പർച്ചേസ് മാന്വൽ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരും പ്രൊക്യവർമെൻറ് കമ്മറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ഊന്നേണ്ടതുണ്ട്.

# 1-20 വിതുര കെ.പി.എം.എസ് ജംഗ്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അധികച്ചെലവ്-18491/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0163/19 |
| പേര് | വിതുര കെ.പി.എം.എസ് ജംഗ്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 200000 |
| ചെലവ് | 154000 |
| ഫണ്ട് | ധനകാര്യകമ്മിഷൻ അവാർഡ് |
| ബിൽ നമ്പർ | 6/ 8.6.18 |
| നിർവഹണം | സെക്രട്ടറി |

പ്രവൃത്തിക്കായുള്ള 5.2.2018-ലെ ദർഘാസ് പരസ്യത്തെത്തുടർന്ന് (ഇനം-8m minimast light system- 60W LED Luminaries 6Nos) താഴെ പറയും വിധം ടെണ്ടറുകൾ ലഭിച്ചിരുന്നു.

| ക്രമ നമ്പർ | സ്ഥാപനം | സ്പെസിഫിക്കേഷൻ | നിരക്ക് |
|---|---|---|---|
| | കെ.എസ് പ്രസാദ് | | |

| | | | |
|---|---|---|---|
| 1 | എസ്.കെഇലക്ട്രിക്കൽസ്, കൊറ്റാമം | 8m മിനിമാസ്റ്റ് LEDലൈറ്റ് | 145000 |
| 2 | ബിനോജ്കുമാർ മാണിക്കമംഗലം | 8m മിനിമാസ്റ്റ് LEDലൈറ്റ് | 174000 |
| 3 | സുരേഷ്കുമാർ, സുരേഷ് ഭവൻ പേപ്പാറ | 8m മിനിമാസ്റ്റ് LEDലൈറ്റ് | 154000 |
| 4 | കല്ലൂർ ഇലക്ട്രിക്കൽസ് ആൻഡ് ലൈറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് | 8m മിനിമാസ്റ്റ് LEDലൈറ്റ് | 148000 |

എന്നാൽ കുറഞ്ഞ നിരക്കുകൾ സമർപ്പിച്ചത് കെ.എസ് പ്രസാദ്, എസ്.കെ ഇലക്ട്രിക്കൽസ്, കൊറ്റാമം, കല്ലൂർ ഇലക്ട്രോണിക്സ് എന്നീ സ്ഥാപനങ്ങളാണെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ 3 വർഷ വാറണ്ടിയേ വാഗ്ദാനം ചെയതിട്ടുള്ളു എന്നും ശ്രീ സുരേഷ് കുമാർ സമർപ്പിച്ച ലൈറ്റിന് ഇതിനേക്കാൾ 9000/- രൂപ കൂടുതലുണ്ടെങ്കിലും 4 വർഷ വാറണ്ടിയുള്ളതിനാൽ അതു തെരഞ്ഞെടുക്കുന്നതിന് 28.2.18 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. സുരേഷ് കുമാറിനെ തെരഞ്ഞെടുത്തത്. ഇതിലെ അപാകങ്ങൾ താഴെ പറയുന്നു

1. കുറഞ്ഞ നിരക്ക് സമർപ്പിച്ച കെ.എസ് പ്രസാദ് , എസ്.കെ ഇലക്ട്രിക്കൽസ്, കൊറ്റാമം 3 വർഷ വാറണ്ടിയേ ഓഫർ ചെയ്തിട്ടുള്ളു. എന്നാൽ കല്ലൂർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം വാറണ്ടിയെക്കുറിച്ച് ടെണ്ടറിൽ സൂചിപ്പിച്ചിട്ടില്ല. പഞ്ചായത്ത് നൽകിയ ടെണ്ടർ സ്പെസിഫിക്കേഷനിൽ വാറണ്ടിയെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുറവ് നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറർമാരുമായി വാറണ്ടി കാലയളവിനെ ക്കുറിച്ച് ചർച്ച ചെയ്ത് വ്യക്തത വരുത്തിയതിനു ശേഷം മാത്രമേ ഈ കാരണം കൊണ്ട് അവരെ നിരാകരിച്ച് കൂടിയ നിരക്ക് ക്വോട്ട് ചെയ്തയാൾക്ക് നൽകേണ്ടതുള്ളു. കൂടാതെ കല്ലൂർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം കെ.എസ് ഇ.ബി ചാർജ്ജുകൾ കൂടി ഉൾപ്പെട്ട ഇൻവോയ്സാണ് സമർപ്പിച്ചിരുന്നത് എന്നതും പരിഗണിച്ചിട്ടില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കുറഞ്ഞ നിരക്കിൽ കൂടുതൽ മെച്ചപ്പെട്ട സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചത് എന്നും ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പ്രൊക്യൂർമെൻറ് കമ്മറ്റി മുമ്പാകെ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളെ ഒരേ ദിവസം വിളിച്ചു വരുത്തി ലൈറ്റുകളുടെ സാമ്പിളുകൾ ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയും സമർപ്പിച്ച ടെണ്ടർ നിരക്കിനുള്ളിൽ നിന്നുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട സ്പെസിഫിക്കേഷനുകൾ ലഭ്യമാക്കുന്നതിനു പ്രോക്യൂർമെൻറ് കമ്മറ്റി മുഖാന്തിരം ഇവരോട് നെഗോസിയേഷൻ ചർച്ചകൾ നടത്തുകയും ചെയ്തു എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കൂടാതെ കല്ലൂർ ഇലക്ട്രിക്കൽസ് ആൻറ് ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 148000/- രൂപയ്ക്ക് ട്യൂബുലർ പോളാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് എന്നും പൊതു വിപണിയിൽ ട്യൂബുലർ പോളിനേക്കാൾ കൂടിയ നിരക്കിലുള്ള ഒക്ടോഗണൽ പോൾ ആണ് സുരേഷ്കുമാർ, സുരേഷ് ഭവൻ പേപ്പാറ ടെണ്ടർ നൽകിയിട്ടുള്ളത് എന്നും അറിയിച്ചു. എന്നാൽ സ്പെസിഫിക്കേഷൻ കൃത്യമായി ഉൾപ്പെടുത്തി മാത്രമേ ടെണ്ടർ പരസ്യങ്ങൾ നൽകാവൂ എന്നും ടെണ്ടർ ക്ഷണിച്ചതിനു ശേഷം സ്പെസിഫിക്കേഷൻ മാറ്റാൻ പാടുള്ളതല്ല എന്നും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായാണ് പ്രസ്തുത പ്രവൃത്തി നടത്തിയിട്ടുള്ളത്.

2. പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് വിളക്കിന്റെ ഗുണ നിലവാരം സാക്ഷ്യപ്പെടുത്തിയത്. ഇലക്ട്രിക്ക്/ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് ക്ഷമതയുള്ള സർക്കാർ അംഗീകൃത ഏജൻസിയെക്കൊണ്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് പകരം പ്രൊക്യൂർമെന്റ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയത് അപാകതയാണ്.

**3.** പ്രസ്തുത വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തു പ്രവർത്തനക്ഷമമാക്കിയതിന് കെ.എസ്. ഇ.ബിയുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

**4.** സുരേഷ് കുമാർ, സുരേഷ് ഭവൻ പേപ്പാറ എന്ന വ്യക്തിയാണ് വിളക്ക് സപ്ലൈ ചെയ്തിട്ടുള്ളത്. സ്ഥാപനമല്ല. ടിയാൻ ജി.എസ് ടി രജിസ്ട്രേഷൻ ഉൾപ്പെടുന്ന ടാക്സ് ഇൻവോയ്സ് സമർപ്പിച്ചിട്ടില്ല. എന്നാൽ സമർപ്പിച്ച ബിൽ പ്രകാരം 18% ജി.എസ്.ടി തുക (18491.20/-) ഉൾപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ജി.എസ് ടി കൗൺസിൽ അംഗീകരിച്ച നിരക്കുകൾ പ്രകാരം എൽ. ഇ.ഡി ലൈറ്റുകൾക്ക് 12 % മാത്രമാണ് ടാക്സ് നിരക്ക്. ടിയാന്റെ ജി.എസ് ടി രജിസ്ട്രേഷൻ പരിശോധിക്കുകയോ തുക അടച്ചതിന്റെ വിശദാംശങ്ങൾ ശേഖരിക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി വഴി ആരാഞ്ഞതിന് ഹൈമാസ്റ്റ് ലൈറ്റ് ഒന്നിന് ജി.എസ്.ടി യും മറ്റ് ചെലവുകൾ ഉൾപ്പെടെ 154000/- രൂപയ്ക്ക് നൽകുന്നതിനുള്ള കരാർ പ്രകാരം സമർപ്പിച്ച ബിൽ പ്രകാരമാണ് ടി തുക കരാറുകാരന് നൽകിയിട്ടുള്ളത് എന്നും ചരക്ക് സേവന നികുതി നിയമം വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13/09/2018 ലെ 50/2018 വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 ന് മുൻപുള്ള ഇൻവോയ്സുകൾക്ക് റ്റി.ഡി.എസ് ഈടാക്കേണ്ടതില്ല എന്നും കൂടാതെ ഒരു കരാർ അടിസ്ഥാനത്തിൽ നികുതി ബാധകമായ സപ്ലൈയുടെ കരാർ തുക 2.5 ലക്ഷത്തിൽ താഴെയാകുമ്പോൾ റ്റി ഡി എസ് കിഴിവ് നടത്തേണ്ടതില്ല എന്നും ടിയാൻ 28.04.2018 ൽ ആണ് പ്രവർത്തി പൂർത്തീകരിച്ച് കരാർതുകയായ 154000/- രൂപ ആവശ്യപ്പെട്ടത് എന്നതിനാലാണ് കരാറുകാരന്റെ ജി.എസ്.ടി രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കാത്തത് എന്നും അറിയിച്ചു. എന്നാൽ ജി.എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു കരാറുകാരന് 18% ജി.എസ്.ടി തുക ഉൾപ്പെടുത്തി ബിൽതുക അനുവദിച്ചത് സാധൂകരിക്കാവുന്നതല്ല. കരാറുകാരന്റെ ജി.എസ്.ടി രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങൾ, ടിയാൻ ജി.എസ്.ടി തുക ബില്ലിൽ ഉൾക്കൊള്ളിച്ച് അധികതുക ഈടാക്കി ടാക്സ് അടക്കാതിരുന്നിട്ടുണ്ടോ അതുമൂലം അധികച്ചെലവ് വന്നിട്ടുണ്ടോ എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അധികച്ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്ന 18491.20/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-21 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0021/19 |
| പേര് | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| അടങ്കൽ | 1000000 |
| ചെലവ് | 943863 |
| ഫണ്ട് | ധനകാര്യകമ്മിഷൻ അവാർഡ് |
| ബിൽ നമ്പർ | 27 / 17.10.18 |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ പറയുന്നു

1. പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പുതിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രസ്തുത പ്രോജക്ടിൽ ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കി സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് ഇൻവോയ്സ് ക്ഷണിച്ച് നടപ്പാക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് 7.9.2018ലെ ഭരണസമിതി 1(27) നമ്പർ തീരുമാനപ്രകാരം കേരളാ അഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് അംഗീകരിച്ച് ഗുണനിലവാരം പരിശോധിക്കുന്നതിന് സാംപിളുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു. ഫയൽ രേഖകൾ പ്രകാരം 15.10.18ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യാണ് വിളക്കിന്റെ ഗുണ നിലവാരം സാക്ഷ്യപ്പെടുത്തിയത്. ഇലക്ട്രിക്ക്/ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് ക്ഷമതയുള്ള സർക്കാർ അംഗീകൃത ഏജൻസിയെക്കൊണ്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് പകരം പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് സാക്ഷ്യപ്പെടുത്തിയത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(20)തെരുവ് വിളക്ക് പരിപാലനവും മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 10 വർഷത്തോളം പ്രാദേശിക അറിവ് ഉള്ള മെമ്പർമാരും ഉദ്യോഗസ്ഥരും അടങ്ങുന്ന ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെൻറ് കമ്മിറ്റി അംഗങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെടുകയാണ് ഉണ്ടായതെന്നും ഇലക്ട്രിക്ക്/ഇലക്ട്രോണിക് സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷമതയുള്ള സർക്കാർ അംഗീകൃത ഏജൻസിയെകൊണ്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണന്ന് ഓഡിറ്റ് നിരീക്ഷണത്തിലൂടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട് എന്നും നിലവിൽ പ്രസ്തുത ഓഡിറ്റ് നിരീക്ഷണത്തിൻറെ അടിസ്ഥാനത്തിൽ ഗവ. ഇൻജിനിയറിംഗ് കോളേജ് മുഖാന്തിരം സാക്ഷ്യപത്രം സഹിതമാണ് സാമ്പിളുകൾ പരിശോധിക്കുന്നത് എന്നും അറിയിച്ചു.

2. ഡി.പി.സി. അംഗീകാരം ലഭിച്ചിരിക്കുന്നത് ഒരുലൈറ്റിന് ഇൻസ്റ്റലേഷൻ ചാർജ്ജും നികുതിയും അടക്കം 2000/- രൂപയും സൂപ്പർ വിഷൻ ചാർജ്ജ് ഇനത്തിൽ കെ. എസ് .ഇ.ബി.ക്ക് കൊടുക്കേണ്ട 40000/- രൂപയും അടക്കം 1000000/- രൂപയാണ്. എന്നാൽ കേരളാ അഗ്രോ ഇൻഡസ്ട്രീസിന്റെ ഇൻവോയ്സിൽ L.E.D street light 24 W എന്ന ഇനത്തിന് ഇൻസ്റ്റലേഷൻ ചാർജ്ജ് ഇല്ലാതെ 230 എണ്ണത്തിന് 1932/- രൂപ വീതവും L.E.D street light 24 W (Automatic) എന്ന ഇനത്തിന് ഇൻസ്റ്റലേഷൻ ചാർജ്ജ് ഇല്ലാതെ 250എണ്ണത്തിന് 1997/- രൂപ വീതവും ആണ് വില നിശ്ചയിച്ചിരുന്നത്. കൂടാതെ 16.10.2018-ൽ സ്ഥാപനവുമായി ചമച്ച കരാറിൽ പ്രസ്തുത തുകക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന്റെ വ്യവസ്ഥകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് .

3. 17.10.2018-ലെ ബിൽ പ്രകാരം സ്ഥാപനത്തിന് 943863/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസ്റ്റലേഷൻ ചാർജ്ജായി തുകയൊന്നും പ്രത്യേകം അനുവദിച്ച് നൽകിയിട്ടില്ല എന്നും സപ്ലൈ ഓർഡർ പ്രകാരം ആവശ്യപ്പെട്ട സാധനങ്ങൾ നിശ്ചിത സമയത്ത് തന്നെ ലഭ്യമാക്കുകയും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട് എന്നും ലൈറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ടുള്ള മോണിട്ടറിംഗ് ലഭ്യമായിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറിക്ക് (20) മറുപി നൽകി. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും കെ.എസ് ഇ.ബിയുടെ സാക്ഷ്യപത്രമോ സൂപ്പർവിഷൻ നടത്തിയതായുള്ള രേഖകളോ ഇല്ല.

പ്രസ്തുത പദ്ധതി പൂർത്തീകരിച്ചതിന്റെയും ഇൻസ്റ്റാൾ ചെയുതതിന്റെയും കെ.എസ്. ഇ.ബിയുടെ സാക്ഷ്യപത്രം സഹിതം വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ലക്ഷ്യ പ്രാപ്തി- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ

കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനും വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടുന്നതിനുമായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീസ്ഥാപനങ്ങളിൽ എസ്റ്റിമേറ്റ് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ. നം. | പ്രോജക്ട് വിവരം | ചെലവാക്കിയതുക-ഫണ്ട് | റിമാർക്സ് |
|---|---|---|---|
| 1. | പ്രോജക്ട് നം. 54/19 മരുതുമൂട് പാണിനഗർ പൈപ്പ് ലൈൻ നീട്ടൽ(വാട്ടർ അതോറിറ്റി) | വികസനഫണ്ട്-150000 | ഫയൽ പ്രകാരം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നുകാണുന്നു |
| 2. | പ്രോജക്ട് നം. 84/19 മൂന്നാം നമ്പർ പാണി നഗർ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(വാട്ടർ അതോറിറ്റി) | വികസനഫണ്ട്-123000 | “ |
| 3. | പ്രോജക്ട് നം. 85/19 പോഴമൂട് ഒന്നാം വാർഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(വാട്ടർ അതോറിറ്റി) | വികസനഫണ്ട്-170000 | “ |
| 4. | പ്രോജക്ട് നം. 260/19വിവിധ വാർഡുകളിൽവൈദ്യുതിലൈൻ മാറ്റി സ്ഥാപിക്കൽ (കെ.എസ്.ഇ.ബി) | തനത് ഫണ്ട്-239591 | -ടി- |

പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്ഥാപനവുമായി നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ആയതിൻറെ വിനിയോഗ സാക്ഷ്യപത്രത്തിനായി രേഖാമൂലം അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരേയും ലഭ്യമാക്കിയിട്ടില്ല എന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി അരുവിക്കര കേരളാ വാട്ടർ അതോറിറ്റി ഹെഡ് വർക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-23 ചായം പ്ലാപ്പെട്ടി ശാസ്താംകാവ് ഓട നിർമ്മാണം-അധികച്ചെലവ്-34422/- രൂപ നിരാകരിക്കുന്നു.

ഓടയുടെ നിർമ്മാണത്തിനായി ആവിഷ്കരിച്ച മേൽ പ്രവൃത്തിയുടെ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ അളവുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലെ അപാകങ്ങൾ മൂലം അധികച്ചെലവ് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ.

## 1-24 തെരുവ് നായ്ക്കൾക്ക് എ.ബി.സി പ്രോഗ്രാം - ചെലവ് രേഖകൾ ഹാജരാക്കിയില്ല -210000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം- | S0027/19 |
| അടങ്കൽ തുക- | 210000/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണം) |
| ചെലവ് തുക | 210000/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണം) |

| | |
|---|---|
| | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ - | വെറ്ററിനറി സർജൻ |
| ബിൽ നം. /തീ. | 1/18-19 തീ.22/07/18 |

വിതുര ഗ്രാമപഞ്ചായത്തിൽ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 100 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തുന്നതിനായി 210000/- രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട് (ബാങ്ക് അക്കൗണ്ട് നം.50100232135721.എച്ച്.ഡി എഫ്.സി, നാലാഞ്ചിറ). പ്രസ്തുത തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീതും ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷപത്രവും കുടുംബശ്രീ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം 100 നായ്ക്കളെ പിടിച്ചതിന്റെയും പാർപ്പിച്ചതിന്റെയും വിശദാംശങ്ങൾ, വന്ധ്യംകരണം നടത്തിയ ദിവസം, പട്ടികളെ തിരികെ കൊണ്ടുവിട്ട ദിവസം, പട്ടികളെ പരിപാലിച്ചതിന്റെയും മരുന്ന് വാങ്ങിയതിന്റെയും രേഖകൾ , ഡോക്ടറുടെ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയതിന്റെ മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് രേഖയായ 210000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-25 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(വനിത)- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി - 700000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | S0029/19 |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ,വിതുര ഗ്രാമപഞ്ചായത്ത് |
| അടങ്കൽ തുക | 937500(വികസനഫണ്ട് പൊതുവിഭാഗം സാധാരണം)<br>937500 (ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 700000/-(വികസനഫണ്ട് പൊതുവിഭാഗം സാധാരണം) |
| ബിൽ നം. /തീ. | 13/18-19 തീ.24/11/18 512500/-രൂപ<br>18/18-19 തീ.19/03/19 100000/-രൂപ<br>21/18-19 തീ.19/03/19 87500/-രൂപ |

75 ഗുണഭോക്താക്കൾക്കായി വകയിരുത്തിയ 1875000/-രൂപയിൽ 937500/-രൂപ വീതം വികസനഫണ്ടും ഗുണഭോക്തൃവിഹിതവും ഉൾപ്പെടുന്നു. ഭരണസമിതിയുടെ 5/10/18-ലെ 2(9) തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 27 പേരും 21/12/18-ലെ 2(9) തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 6 പേരും ഉൾപ്പെട്ടിട്ടുണ്ട്. രണ്ടു ലിസ്റ്റുകളിലായി അംഗീകരിച്ച 33 പേരിൽ മല്ലിക, ടോപ്പ് ഡിവിഷൻ, ബോണക്കാട് എന്ന വ്യക്തി അംഗീകരിച്ച രണ്ട് ഗുണഭോക്തൃലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 32 പേർ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ.

എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 56 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് 700000/- രൂപ മൂന്ന് ബില്ലുകൾ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ബില്ലുകളോടൊപ്പം ലഭ്യമാക്കിയ ഗുണഭോക്തൃപ്പട്ടിക പ്രകാരം ആനുകൂല്യം ലഭിച്ച 56 ഗുണഭോക്താക്കളിൽ 28 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.ഗ്ളോറി, ബി.എ ഡിവിഷൻ ,ബോണക്കാട്

2.ശ്യാമള, ബി.എ ഡിവിഷൻ ,ബോണക്കാട്

3.ലത, ബി.എ ഡിവിഷൻ ,ബോണക്കാട്

4.സനിലകുമാരി,വിഷ്ണുഭവൻ, പേരയം

5.രമണി, മേക്കേവിളവീട്, ചിറ്റാർ

6.ബൽസി.കെ, തടത്തരികത്ത് വീട്,തള്ളച്ചിറ

7.പത്മാവതിഅമ്മ,സുദർശന നഗർ ,മാങ്കുളം

8.നിഷ,ആനന്ദഭവൻ,മീനാങ്കൽ

9.അജിത, ചോതിസദനം,കല്ലുംപാറ

10.ഹാമിലാ ബീവി, ഷൈലാ മൻസിൽ, കളംകാവ്

11.വിജയമ്മ, രാജ്ഭവൻ, തോപ്പിൽ, കരിക്കകം

12.വസുമതി, കരിക്കാട്ടുവീട്, മേമല

13.സുമതിക്കുട്ടിയമ്മ,സരസ്വതി വിലാസം, കളംകാവ്

14.സുശീലാ ശശി,കുന്നുംപുറത്ത് വിട്, പറങ്കിമാംതോട്ടം

15.ചിത്ര, ചിത്രഭവൻ ,വലിയവേങ്ങട്, മേമല

16.ശാരദ,ശാലിനി വിലാസം,കളിക്കൽ

17.സുദർശന കുമാരി മുരളീഭവൻ, കല്ലാർ

18.വൽസല, സീനാഭവൻ, കല്ലാർ

19.ഗീതാ.എം.എസ്, രേവതി ഭവൻ, കല്ലാർ

20.ശാന്തകുമാരി,കൃഷ്ണാലയം, ആനപ്പാറ

21.സീത.അനന്തുഭവൻ,ചേന്നംപാറ

22.ജലജകുമാരി, റോഡരികത്ത് വീട്, വിതുര

23.ഓമന.കെ, ബി.എ ഡിവിഷൻ ,ബോണക്കാട്

24.രത്നാഭായി,അജിതാഭവൻ, വിതുര, മേമല

25.ആൻസി, കൊണ്ടൂർഹൗസ്,ആനപ്പാറ

26.വസന്തകുമാരി,കാറ്റാടിമുക്ക് ലയം,ബോണക്കാട്

27റഥീന,ടോപ്പ് ഡിവിഷൻ ,ബോണക്കാട്

28.മിനിമോൾ,അനിതാഭവൻ,മിഥലം,മരുതാമല

മാത്രമല്ല ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മല്ലിക, ടോപ്പ് ഡിവിഷൻ ബോണക്കാട് എന്ന വ്യക്തി ഉൾപ്പടെ 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുമില്ല. 75 ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ ലഭിക്കാത്തതിനും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാത്തതിനും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പര് -23 ന് മറുപടി ലഭിച്ചില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്നിവ പരിശോധിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭിച്ചില്ല.

പ്രസ്തുത പദ്ധതിയ്ക്കായി 700000/-രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീതോ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭിച്ചില്ല

പ്രസ്തുത പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിരിക്കുന്നു. ഗ്രാമസഭ കൂടുന്നത് സംബന്ധിച്ച് മതിയായ പ്രചരണം നടത്താത്തതും ഗുണഭോക്താക്കളുടെ അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്ക് വ്യാപകമായ പ്രചരണം നടത്താത്തതും യോഗ്യതമാനദണ്ഡങ്ങളും അർഹതാമാനദണ്ഡങ്ങളും ഗ്രാമസഭയ്ക്ക് വിശദീകരിച്ചുകൊടുക്കാത്തതുമാണ് അർഹരായ മുഴുവൻ ഗുണഭോക്താക്കളെ ലഭിക്കുന്നതിന് തടസ്സമാകുന്നത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 700000/-രൂപയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭിക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃ തിരഞ്ഞെടുപ്പിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-26 സ്പീച്ച് ബിഹേവിയർ ഒക്യുപേഷൻ തെറാപ്പി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര്, നം | സ്പീച്ച് ബിഹേവിയർ ഒക്യുപേഷൻ തെറാപ്പി |
| അടങ്കൽ തുക | 100000 വികസന ഫണ്ട് |
| ചെലവ് തുക | 10300 |
| ബിൽ നമ്പർ | 27/18.3.19 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും അടങ്കൽ 100000/-രൂപ വകയിരുത്തിയെങ്കിലും പത്രപ്പരസ്യത്തിനു മാത്രമായി 10300/-രൂപ ചെലവഴിച്ചു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ മാത്രം പദ്ധതിയുടെ പ്രവർത്തനം ഒതുങ്ങിയിരിക്കുന്നു.

അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും സംസാര വൈകല്യമുള്ള കുട്ടികളെ തിരിച്ചറിഞ്ഞു ആവശ്യമായ ചികിത്സ ലഭ്യമാക്കുന്ന Speech Behavioral Occupation Therapy നൽകുവാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ്. എന്നാൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 19/20 നുള്ള മറുപടിയിൽ 31.01.2019 നം 16.02.2019 നം ഗ്രാമപഞ്ചായത്തിൽ വച്ച് 52 ഗുണഭോക്താക്കളെ "നിഷ്"ന്റെ സഹായത്തോടെ കണ്ടെത്തി. തെറാപ്പിസ്റ്റിനെ കണ്ടെത്തുവാൻ പത്രം മുഖാന്തിരം പരസ്യം നൽകിയെങ്കിലും യോഗ്യതയുള്ളവർ അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി അടങ്കൽ വകയിരുത്തുകയും എന്നാൽ പദ്ധതി നടപ്പിലാക്കാതെ വരുമ്പോൾ പദ്ധതി പണം പഴാകുവാനുള്ള സാഹചര്യമുണ്ടാകുന്നു. ആയതിനാൽ ആവിഷ്കരിച്ച പദ്ധതി ലക്ഷ്യം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു ഭരണസമിതിയുടെയും നിർവഹണോദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-27 സമാനമായ പദ്ധതികൾക്ക് വ്യത്യസ്ത ടെണ്ടറുകളും വ്യത്യസ്ത വിലയും സ്വീകരിച്ചതിലൂടെ അധികച്ചെലവ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ലാപ്ടോപ്പ് വിതരണം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം | പദ്ധതി യുടെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് | നിരക്ക് | സ്ഥാപനം | കമ്മിറ്റി തീരുമാനം | ലാപ്ടോപ്പുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1 | 58/18-19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | എസ്.സി.പി | 510000 | 376020 | 20890/- | Triad Micro Systems | 7.09.2018 ലെ 1(16)ാം നമ്പർ തീരുമാനം | 18 |
| 2 | 59/18-19 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | റ്റി.എസ്.പി | 510000 | 356524 | 20972/- | Hyper Tech Solutions | 7.09.2018 ലെ 1(15)ാം നമ്പർ തീരുമാനം | 17 |

ഒരേ സ്വഭാവത്തിലുള്ള മേൽ രണ്ട് പദ്ധതികളും നടപ്പിലാക്കിയിരിക്കുന്നത് അസിസ്റ്റന്റ് സെക്രട്ടറിയാണ്. ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടു പദ്ധതികൾക്കായി മേൽ സൂചിപ്പിച്ച രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സ്ഥാപനങ്ങളെ തന്നെയാണ് തെരഞ്ഞെടുത്തതും. എന്നാൽ രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതു വഴി അധിക ചെലവുണ്ടായിരിക്കുന്നു. ഒരേ ദിവസത്തെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വിതരണാനുമതി നൽകിയിരിക്കുന്നത്.

ഇവിടെ സ്റ്റോർ പർച്ചേസ് മാനുവൽ, 2013 ,G.O(P) 259/2010 ത.സ്വ.ഭ,വ തീയതി 8/11/2010 മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗരേഖ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

പഞ്ചായത്തിലേക്ക് ഒരു വർഷത്തേക്ക് ആവശ്യമായ സാധനങ്ങൾ വാർഷിക ആവശ്യകത നിർണയം നടത്തി ടെൻഡർ നടപടി ക്രമത്തിലൂടെ സ്ഥാപനത്തെ തെരഞ്ഞെടുത്ത് അംഗീകൃത നിരക്കിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ

വാങ്ങേണ്ടതായിരുന്നു.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 14 നുള്ള മറുപടിയിൽ Triad Micro Systems എന്ന സ്ഥാപനം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം (പ്രോജക്ട് നം 59/18-19) എന്ന പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്തില്ലായെന്നും ആയതിനാലാണ് Hyper Tech Solutions എന്ന സ്ഥാപനത്തിനു വിതരണാനുവാദം നൽകിയതെന്നും അറിയിച്ചിരിക്കുന്നു.

Hyper Tech Solutions എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്തിരുന്നുവെങ്കിൽ Triad Micro Systems എന്ന സ്ഥാപനം നൽകിയ തുകയ്ക്ക് ലാപ്ടോപ്പ് കിട്ടുമായിരുന്നു. ആയതിനു പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയോ പഞ്ചായത്ത് ഭരണ സമിതിയുടേയോ ഭാഗത്തു നിന്നും നടപടികൾ സ്വീകരിച്ചില്ല.

ഭാവിയിൽ ഒരു വർഷത്തേക്ക് ആവശ്യമായ സാധനങ്ങൾ, വാർഷിക ആവശ്യകത നിർണയം നടത്തി ടെൻഡർ നടപടികൾ സ്വീകരിച്ച് സമാഹരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 മാഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി -അവലോകനം.

20.12.2017-ലെ സാധാരണ മീറ്റിംഗിലെ 4(2)-ാം നമ്പർ തീരുമാന പ്രകാരം 2018-19 സാമ്പത്തിക വർഷത്തിലേക്കുള്ള ലേബർ ബഡ്ജറ്റ് അംഗീകരിച്ചു. 366 പ്രോജക്ടുകളിലായി 722.40 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി. 168000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും 100 തൊഴിൽ ദിനങ്ങൾ 450 കുടുംബങ്ങൾക്ക് ലഭിക്കുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്. വകയിരുത്തലുകൾ വർഷാവസാനം കഴിയുമ്പോൾ താഴെ പറയുന്ന വിലയിരുത്തലുകളിൽ എത്തുന്നു.

**1.** വിഭാവനം ചെയ്ത 366 പദ്ധതികളിലെ ഉപപദ്ധതികളടക്കം 585 പദ്ധതികൾക്ക് സാങ്കേതിക അനുമതി ലഭിച്ചെങ്കിലും 482 പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

**2.** 2,27,949 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രതീക്ഷിത ദിനങ്ങളുടെ 35%ത്തോളം ദിനങ്ങൾ അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**3.** വകയിരുത്തിയ തുകയുടെ 84% മാത്രമാണ് ചെലവഴിക്കപ്പെട്ടത്. തൻ വർഷം സാധനഘടക പദ്ധതികൾ ലേബർ ബഡ്ജറ്റിൽ പരാമർശിച്ച പ്രകാരം നടത്തിയില്ല എന്നതാണ് കാരണം.

**4.** സോഷ്യൽ ഓഡിറ്റ് 7 ഗ്രാമസഭകളിൽ മാത്രമാണ് നടത്തിയിട്ടുള്ളത്. 10 ഗ്രാമസഭകൾ ബാക്കി നിൽക്കുന്നുണ്ട്.

ലേബർ ബഡ്ജറ്റിലൂടെ തയ്യാറാക്കപ്പെടുന്ന ആക്ഷൻ പ്ലാൻ കൂടുതൽ ആധികാരികമാകുന്നതിനും സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ശ്രദ്ധ നൽകേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ചായം പ്ലാപ്പെട്ടി ശാസ്താംകാവ് ഓട നിർമ്മാണം-അധികച്ചെലവ്-34422/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 193/19 |
| പേര് | ചായം പ്ലാപ്പെട്ടി ശാസ്താംകാവ് ഓട നിർമ്മാണം |
| അടങ്കൽ | 624000 |
| ചെലവ് | 503000 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് |
| എസ്റ്റിമേറ്റ് ആധാരം | Mord With Cl 1.5098 |
| ബിൽ നമ്പർ | 12/31.7.18 |
| എം.ബുക്ക് നമ്പർ | 25/1-19 |
| നിർവഹണം | അസി. എഞ്ചിനീയർ |

മേൽ പ്രവൃത്തിയുടെ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഓടയുടെ നിർമ്മാണത്തിനായി 60 cm ആഴത്തിൽ 150m നീളത്തിൽ കുഴി എടുത്തിട്ടുണ്ട്. തുടർന്ന് ബേസ് കോൺക്രീറ്റ് ആയി 10 cm കനത്തിൽ CC 1:3:6 ചെയ്തിട്ടുണ്ട്. ബേസ് കോൺക്രീറ്റിനു മുകളിലായി ഓടയുടെ ഇരുവശങ്ങളും M 15 ഗ്രേഡിലുള്ള സിമന്റ് കോൺക്രീറ്റ് താഴെ പറയും വിധം ചെയ്തിട്ടുണ്ട്.

| നീളം | വീതി | കനം | ആകെ |
|---|---|---|---|
| 2 *26.85 | 0.20 | 0.60 | 6.444 |
| 2*4.55 | 0.40 | 0.60 | 2.184 |
| 2*3.60 | 0.20 | 0.60 | 0.864 |
| 1*3.70 | 0.30 | 0.60 | 0.666 |
| 1*3.70 | 0.30 | 0.80 | 0.888 |
| 2*13.35 | 0.20 | 0.60 | 3.204 |
| 1*3.15 | 0.30 | 0.60 | 0.567 |
| 1*3.15 | 0.40 | 0.80 | 1.008 |
| 1*8.2 | 0.20 | 0.60 | 0.984 |
| 1*9.10 | 0.20 | 0.60 | 1.092 |
| 1*5.60 | 0.40 | 0.70 | 1.568 |
| 1*4.80 | 0.40 | 0.90 | 1.728 |
| 1*30 | 0.20 | 0.60 | 3.60 |
| 1*15 | 0.20 | 0.60 | 1.80 |
| 1*30 | 0.18 | 0.60 | 3.24 |
| 1*15 | 0.18 | 0.60 | 1.62 |
| 1*30 | 0.20 | 0.60 | 3.60 |

| | | | |
|---|---|---|---|
| 1*15 | 0.20 | 0.60 | 1.80 |
| 1*30 | 0.18 | 0.60 | 3.24 |
| 1*15 | 0.18 | 0.60 | 1.62 |

ആകെ =41.717m$^3$

ലിമിറ്റ് ചെയ്തത് =40.464m$^3$

60 cm ആഴത്തിലുള്ള കുഴിയിൽ 10 cm കനത്തിലുള്ള കോൺക്രീറ്റിനു മുകളിൽ 50 cm ഉയരത്തിലാണ് ഓടയുടെ സൈഡ് വാൾ നിർമ്മിക്കേണ്ടത്. ഫൂട് സ്ലാബ് സ്ഥാപിക്കേണ്ട ദൂരത്തിലെ സൈഡ് വാളിന്റെ ഉയരം ഉയർത്തുന്നത് ചരിവ് ലഭ്യമാകാനാണ്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുഴിയുടെ ആഴം ഉയർത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. ഫൂട് സ്ലാബിന്റെ എണ്ണം കൂട്ടുന്നത് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അളവു പുസ്തകത്തിൽ 10 cm കനത്തിലുള്ള ബേസ് കോൺക്രീറ്റ് പരിഗണിക്കാതെ സൈഡ് വാളിന് ഉയരം നൽകിയത് അധികച്ചെലവ് ഉണ്ടാക്കി. DSR code 12.5.1.1 പ്രകാരം തഴെ പറയുന്ന അളവുകളാണ് അനുവദനീയമായത്.

| നീളം | വീതി | കനം | ആകെ |
|---|---|---|---|
| 2 *26.85 | 0.20 | 0.50 | 5.37 |
| 2*4.55 | 0.40 | 0.50 | 1.82 |
| 2*3.60 | 0.20 | 0.50 | 0.72 |
| 1*3.70 | 0.30 | 0.50 | 0.555 |
| 1*3.70 | 0.30 | 0.80 | 0.888 |
| 2*13.35 | 0.20 | 0.50 | 2.67 |
| 1*3.15 | 0.30 | 0.50 | 0.4725 |
| 1*3.15 | 0.40 | 0.80 | 1.008 |
| 1*8.2 | 0.20 | 0.50 | 0.82 |
| 1*9.10 | 0.20 | 0.50 | 0.91 |
| 1*5.60 | 0.40 | 0.70 | 1.568 |
| 1*4.80 | 0.40 | 0.90 | 1.728 |
| 1*30 | 0.20 | 0.50 | 3.000 |
| 1*15 | 0.20 | 0.50 | 1.500 |
| 1*30 | 0.18 | 0.50 | 2.700 |
| 1*15 | 0.18 | 0.50 | 1.350 |
| 1*30 | 0.20 | 0.50 | 3.000 |
| 1*15 | 0.20 | 0.50 | 1.500 |
| 1*30 | 0.18 | 0.50 | 2.7000 |
| 1*15 | 0.18 | 0.50 | 1.350 |

ആകെ =35.6295

അളവു പുസ്തകത്തിലെ ഈ അപാകത മൂലം ലിമിറ്റ് ചെയ്ത അളവും നൽകേണ്ടിയിരുന്ന അളവും തമ്മിൽ 4.8345m$^3$ അളവിൽ വ്യത്യാസമുണ്ട്.

അധികച്ചെലവിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

1 ഘനമീറ്ററിന് നൽകേണ്ട തുക =7120.00

4.8345 ഘനമീറ്ററിന് നൽകിയ തുക =34421.64

=34422

പരാമർശത്തിൻമേൽ നൽകിയ ഓഡിറ്റ് എൻക്വയറി24 നുള്ള മറുപടിയിൽ പ്രവൃത്തിസ്ഥലത്ത് 10cm ആഴമുള്ള മൺ ഓട ഉണ്ടായിരുന്നതിനാലാണ് 60 cm ആഴത്തിൽ മണ്ണ് നീക്കം ചെയ്തതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിലോ പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ പ്രവൃത്തിസ്ഥലത്ത് മറുപടിയിൽ പരാമർശിച്ചിട്ടുള്ള മൺ ഓടയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. 150 മീറ്ററോളം നീളത്തിലും 10 cm ആഴത്തിലുമുള്ള മൺ ഓടയുടെ പരാമർശം ഫയലിലോ മറ്റ് രേഖകളിലോ ഇല്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് ഇത്തരത്തിൽ തയ്യാറാക്കി അംഗീകാരം നൽകുകയും നടപ്പാക്കുകയും ചെയ്ത ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും 34422/- രൂപ ഈടാക്കേണ്ടതാണ്

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 23.07.2019 മുതൽ 26.07.2019 വരെ | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1487/19 തീയതി 19.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 99750 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 99750 | - |
| | | 2008088 | ലൈഫ് മിഷൻ(ജനറൽ) | 1983703 | 24385 |
| | | 1560084 | ലൈഫ് മിഷൻ(എസ്.സി) | - | 1560084 |
| | | 490314 | ലൈഫ് മിഷൻ(എസ്.റ്റി) | 490157 | 157 |
| | | 150000 | ക്ഷീരസമൃദ്ധി | 150000 | - |
| | | 142500 | ക്ഷീരസമൃദ്ധി | 70000 | 72500 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 546736 | ഹരിത ഭവനം | 378000 | 168736 |
| | | 15000 | ജൈവ സമൃദ്ധി | 15000 | -- |
| | | 439843 | ലൈഫ് ഭവനം (പട്ടിക വർഗ്ഗം) | 439843 | -- |
| | | 384285 | ലൈഫ് ഭവനം (പട്ടിക ജാതി) | 360000 | 24285 |
| | | 1803297 | ലൈഫ് ഭവനം (ജനറൽ) | 1803297 | -- |

| | | | | | |
|---|---|---|---|---|---|
| | | 99750 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 99750 | -- |
| | | 42500 | ക്ഷീരസമൃദ്ധി | 30000 | 12500 |
| | | 42500 | ക്ഷീരസമൃദ്ധി | 42500 | -- |

*ജില്ലാ പഞ്ചായത്ത് മുന്നിരിപ്പ് 10200/-രൂപ കൂടിയുൾപ്പെട്ട തുകയാണ് വരവായിയെടുത്തിരിക്കുന്നത്.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻക്കൂർ നൽകിയ തുക (2018-19) | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ – പാണിനഗർ | 123000 | -- | 123000 |
| KWA | പൈപ്പ് ലൈൻ നീട്ടൽ – മരുതുംമൂട് | 150000 | -- | 150000 |
| KWA | പൈപ്പ് ലൈൻ നീട്ടൽ – പേഴുംമൂട് | 170000 | - | 170000 |
| KWA | പൈപ്പ് ലൈൻ നീട്ടൽ | 1114000 | | 1114000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം. /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | സ.ഉ(സാധാ) 320/2010/ എൽ.എസ്. .ജി തീയതി 29.10.2010 | 18500000 | 1629650 | 1629650 | | -- |
| KURDFC | | 25363387 | | | | 25363387 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | | | | | | | | | | | | | |

(* കേരള മുനിസിപ്പാലിറ്റി ആക്റ്റ് 295 (14) പ്രകാരം ചാർജ് സർട്ടിഫൈ ചെയ്ത തുക 30 ദിവസത്തിനകം മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതാണ് അല്ലാത്തപക്ഷം ആയത് സ്ഥാപനത്തിനു ലഭിക്കേണ്ട തുകയായി പരിഗണിച്ച് ഭൂനികുതിയിൻ മേലുള്ള കുടിശ്ശികയായി പിരച്ചെടുക്കാവുന്നതാണ്.

* കേരള പഞ്ചായത്തിരാജ് ആക്റ്റിലെ സെക്ഷൻ 210 പ്രകാരം പഞ്ചായത്തിനു പിരിഞ്ഞു കിട്ടേണ്ടതുക ഭൂനികുതിയിൻ മേലുള്ള കുടിശ്ശികയായി പിരച്ചെടുക്കാവുന്നതാണ്. (ഭൂമിയിൻ മേലുള്ള കുടിശ്ശിക പിരിച്ചെടുക്കാവുന്നത് അപ്രായോഗികമായതിനാൽ ടി കുടിശ്ശികയ്ക്ക് കാരണക്കാരനെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണ് എന്ന് കേരള പഞ്ചായത്തിരാജ് ആക്റ്റിലെ സെക്ഷൻ 210-ൽ പ്രതിപാദിക്കുന്നു.)

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വ്ഷംര | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | | | | | | | | | | | | | |

(* കേരള മുനിസിപ്പാലിറ്റി ആക്റ്റ് 295 (14) പ്രകാരം ചാർജ് സർട്ടിഫൈ ചെയ്ത തുക 30 ദിവസത്തിനകം മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സ്ഥാപനത്തിനു ലഭിക്കേണ്ട തുകയായി പരിഗണിച്ച് ഭൂനികുതിയിൻ മേലുള്ള കുടിശ്ശികയായി പിരച്ചെടുക്കാവുന്നതാണ്.

* കേരള പഞ്ചായത്തിരാജ് ആക്റ്റിലെ സെക്ഷൻ 210 പ്രകാരം പഞ്ചായത്തിനു പിരിഞ്ഞു കിട്ടേണ്ടതുക ഭൂനികുതിയിൻ മേലുള്ള കുടിശ്ശികയായി പിരച്ചെടുക്കാവുന്നതാണ്. (ഭൂമിയിൻ മേലുള്ള കുടിശ്ശിക പിരിച്ചെടുക്കാവുന്നത് അപ്രായോഗികമായതിനാൽ ടി കുടിശ്ശികയ്ക്ക് കാരണക്കാരനെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണ് എന്ന് കേരള പഞ്ചായത്തിരാജ് ആക്റ്റിലെ സെക്ഷൻ 210-ൽ പ്രതിപാദിക്കുന്നു.)

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 156619983 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134318609 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34422 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 928491 |

**പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 34422 | ശ്രീദേവി, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 18491 | അനുസചേതനൻ, സെക്രട്ടറി, വിതുര ഗ്രാമപഞ്ചായത്ത് |
| 1-24 | 210000 | ഡോ. സാറാ വർഗീസ്, വെറ്ററിനറി സർജൻ, വിതുര ഗ്രാമപഞ്ചായത്ത് |
| 1-25 | 700000 | ഡോ. സാറാ വർഗീസ്, വെറ്ററിനറി സർജൻ, വിതുര ഗ്രാമപഞ്ചായത്ത് |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീദേവി | അസി.എഞ്ചിനീയർ, വിതുര ഗ്രാമപഞ്ചായത്ത് | കട്ടക്കറ വീട് , കരകുളം. പി.ഒ |
| 2 | അനസചേതനൻ | സെക്രട്ടറി, വിതുര ഗ്രാമപഞ്ചായത്ത് | വി.എസ്.റ്റി.സി5/1903(1)എഫ്.18, പി.എൻ ആർ.എ, അമ്പലമുക്ക്, കവടിയാർ |
| 3 | ഡോ. സാറാ വർഗീസ് | വെറ്ററിനറി സർജൻ, വിതുര ഗ്രാമപഞ്ചായത്ത് | ഫെൻസ്, വലിയകട റോഡ്, കുറവൻകോണം, കവടിയാർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 2 | |
| 2003-04 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 5 | |
| 2004-05 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 1 | |
| 2005-06 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 1 | |
| 2008-09 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 11 | |
| 2009-10 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 9 | |
| 2010-11 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 11 | |
| 2011-12 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 8 | |
| 2012-13 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 3 | |
| 2013-14 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 7 | |
| 2014-15 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 20 | |
| 2015-16 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 22 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1968/2019 | 16 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/300/2019 | 25 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **വിതുര ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ വിതുര ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**